**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2334

09.12.2014-ലെ മറുപടിയ്ക്ക്

**കൺസ്യൂമർഫെഡ്**

**ചോദ്യം**

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിനുകീഴിൽ എത്ര നന്മസ്റ്റോറുകൾ , ത്രിവേണി സ്റ്റോറുകൾ എന്നിവ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിനു കീഴിൽ കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്ന 87 ത്രിവേണി സ്റ്റോറുകളും 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ത്രിവേണി | കൺസ്യൂമർഫെഡ് നേരിട്ടു നടത്തുന്ന നന്മ സ്റ്റോറുകൾ | സഹകരണ സംഘം വഴിനടത്തുന്ന നന്മ സ്റ്റോറുകൾ |
|---|---|---|---|
| തിരുവനന്തപുരം | 4 | 121 | 130 |
| കൊല്ലം | 12 | 198 | 165 |
| പത്തനംതിട്ട | 3 | 135 | 108 |
| ആലപ്പുഴ | 10 | 69 | 51 |
| കോട്ടയം | 14 | 34 | 12 |
| ഇടുക്കി | 4 | 30 | 27 |
| എറണാകുളം | 15 | 57 | 20 |
| തൃശ്ശൂർ | 10 | 40 | 39 |
| പാലക്കാട് | 1 | 50 | 19 |
| മലപ്പുറം | ഇല്ല | 75 | 25 |
| കോഴിക്കോട് | 10 | 20 | 40 |

| | | | |
|---|---|---|---|
| വയനാട് | 2 | 9 | 23 |
| കണ്ണൂർ | 2 | 19 | 50 |
| കാസർഗോഡ് | ഇല്ല | 8 | 42 |
| ആകെ | 87 | 865 | 751 |

(ബി) കൺസ്യൂമർ ഫെഡിൻകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര ത്രിവേണി, നന്മ സ്റ്റോറുകൾ ഉണ്ട് എന്നും അവ എവിടെയൊക്കെ യാണെന്നും വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ 11 ത്രിവേണി സ്റ്റോറുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകൾ ഒന്നും തന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. ലാഭത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ വിവരങ്ങൾ ഇനിപ്പറയും പ്രകാരമാണ്.

| ക്രമ നം. | ത്രിവേണി സ്റ്റോറുകൾ |
|---|---|
| 1 | അഗളി, പാലക്കാട് |
| 2 | കട്ടനാട്, പാലക്കാട് |
| 3 | പട്ടാമ്പി, പാലക്കാട് |
| 4 | ചേർപ്പുളശ്ശേരി, പാലക്കാട് |
| 5 | ചിറവൂർ, പാലക്കാട് |
| 6 | ഗാന്ധിനഗർ, എറണാകുളം |
| 7 | ചേരാനല്ലൂർ, എറണാകുളം |
| 8 | പൊടിയാടി, പത്തനംതിട്ട |
| 9 | എൻ.റ്റി.പി.സി., ചേപ്പാട്, ആലപ്പുഴ |
| 10 | ചാരുംമൂട്, ആലപ്പുഴ |
| 11 | മാവേലിക്കര, ആലപ്പുഴ |

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് എത്ര രൂപ കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) 31.10.2014 വരെ കൺസ്യൂമർ ഫെഡിന്റെ വിവിധ സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് 382.41 കോടി രൂപ ഫെഡറേഷൻ കൊടുക്കാനുണ്ട്.

(ഡി) സംസ്ഥാന ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർ ഫെഡ് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന-ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർഫെഡ് 422.72 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ ജീവനക്കാരായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആശ്രിത നിയമനം പദ്ധതി പ്രകാരം 9 പേർക്ക് സ്ഥിരം നിയമനവും 4132 പേരെ ദിവസവേതനാടിസ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ